**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4824** **20-07-2022 - ൽ മറുപടിയ്ക്ക്**

**മലപ്പുറം ജില്ലയിലെ ദേശീയപാത വിഭാഗം ഓഫീസുകളിലെ പുനർവിന്യാസം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി . ഉബൈദുള്ള | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | ദേശീയപാത വിഭാഗം ഓഫീസുകളിലെ വിവിധ തസ്തികകൾ പുനർവിന്യസിച്ചപ്പോൾ മലപ്പുറം ജില്ലയിലെ പ്രസ്തുത വിഭാഗം ഓഫീസുകളിലെ ഏതൊക്കെ തസ്തികകളാണ് ഉൾപ്പെട്ടിട്ടുള്ളത്; ഓരോ തസ്തികയും തരം തിരിച്ച് വ്യക്തമാക്കാമോ; | (എ) | വിശദാംശം അനുബന്ധം-I ആയി ചേർക്കുന്നു. |
| (ബി) | ഇത്തരത്തിൽ തസ്തികകൾ പുനർവിന്യസിച്ചപ്പോൾ മലപ്പുറം ജില്ലയിൽ നിന്ന് മറ്റ് ജില്ലകളിലേക്ക് എത്ര തസ്തികകളാണ് പുനർവിന്യസിച്ചത്; ഓരോ തസ്തികയും എണ്ണം തിരിച്ച് അറിയിക്കാമോ; | (ബി) | വിശദാംശം അനുബന്ധം-II ആയി ചേർക്കുന്നു. |
| (സി) | പ്രസ്തുത ജില്ലയിലെ ഓഫീസുകളിൽ നിന്ന് പുനർവിന്യസിച്ച തസ്തികകൾ ഉപയോഗിച്ച് പുതിയ ഓഫീസുകൾ രൂപീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ആയതിന് വേണ്ടി നിലവിലെ പുനർവിന്യാസ ഉത്തരവുകളിൽ ഭേദഗതി വരുത്തുന്നതിനും വിശദമായ പഠനം നടത്തുന്നതിനും ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ; | (സി) | വിശദമായ പഠനങ്ങൾക്കും പരിശോധനകൾക്കും ശേഷം മാത്രമേ പുനർവിന്യസിച്ച തസ്തികകൾ ഉപയോഗിച്ച് പുതിയ ഓഫീസുകൾ രൂപീകരിക്കുന്ന കാര്യം പരിഗണിക്കുവാൻ സാധിക്കുകയുള്ളു. |
| (ഡി) | മലപ്പുറം ജില്ലയിൽ റോഡ്സ് , ബിൽഡിംഗ്സ് , ബ്രിഡ്ജസ് എന്നീ വിഭാഗങ്ങളിൽ പുതിയ ഓഫീസുകൾ ആവശ്യമുള്ളതായി അറിയിച്ച് ഭരണ വിഭാഗം ചീഫ് എഞ്ചിനീയർ 10.08.2021-ന് റിപ്പോർട്ട് നൽകിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ? | (ഡി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ട് പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, മലപ്പുറം ജില്ലയിൽ പുതിയ കാര്യാലയങ്ങളും അധിക തസ്തികകളും സൃഷ്ടിക്കുന്നത് സംബന്ധിച്ച ആവശ്യകത പരിശോധിച്ച് ശാസ്ത്രീയമായി പഠനം നടത്തി വ്യക്തമായി അപഗ്രഥിച്ച് വ്യക്തവും വിശദവുമായ റിപ്പോർട്ട് ലഭ്യമാക്കുവാൻ ചീഫ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകിയിരുന്നു. അതിൻ പ്രകാരം പുതുക്കിയ റിപ്പോർട്ട് 14/07/2022-ൽ ലഭ്യമായിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ട് സർക്കാർ പരിശോധിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ

## അനുബന്ധം -I

## മലപ്പുറം ജില്ലയിൽ പുനർവിന്യാസത്തിൽ ഉൾപ്പെട്ട തസ്തികകൾ *

### ഡിവിഷൻ മലപ്പുറം

| | |
|---|---|
| ഫസ്റ്റ് ഗ്രേഡ് ഡ്രാഫ്റ്റ്സ്മാൻ | - 1 |
| ജൂനിയർ സൂപ്രണ്ട് | - 1 |
| ക്ലാർക്ക്/സീനിയർ ക്ലാർക്ക് | - 4 |
| ടൈപ്പിസ്റ്റ് | - 1 |
| ഓഫീസ് അറ്റൻഡന്റ് | - 1 |

### പെരിന്തൽമണ്ണ സബ് ഡിവിഷൻ

| | |
|---|---|
| 1st ഗ്രേഡ് ഡ്രാഫ്റ്റ്സ്മാൻ | - 2 |
| 2nd ഗ്രേഡ് ഡ്രാഫ്റ്റ്സ്മാൻ | - 3 |
| 3rd ഗ്രേഡ് ഡ്രാഫ്റ്റ്സ്മാൻ | - 3 |
| ക്ലാർക്ക്/സീനിയർ ക്ലാർക്ക് | - 1 |
| ഓഫീസ് അറ്റൻഡന്റ് | - 2 |
| പാർട്ട് ടൈം സ്വീപ്പർ | - 1 |

### കുറ്റിപ്പുറം സബ് ഡിവിഷൻ

| | |
|---|---|
| 1st ഗ്രേഡ് ഡ്രാഫ്റ്റ്സ്മാൻ | - 2 |
| 2nd ഗ്രേഡ് ഡ്രാഫ്റ്റ്സ്മാൻ | - 3 |
| 3rd ഗ്രേഡ് ഡ്രാഫ്റ്റ്സ്മാൻ | - 3 |
| ഹെഡ് ക്ലാർക്ക് | - 1 |
| ക്ലാർക്ക്/സീനിയർ ക്ലാർക്ക് | - 3 |
| ടൈപ്പിസ്റ്റ് | - 1 |
| ഓഫീസ് അറ്റൻഡന്റ് | - 3 |
| ഡ്രൈവർ | - 1 |
| പാർട്ട് ടൈം സ്വീപ്പർ | - 2 |

(*മേൽപ്പറഞ്ഞ തസ്തികകളിൽ മലപ്പുറം ജില്ലയിലെ ഒരു ഓഫീസിൽ നിന്നും അതേ ജില്ലയിലെ മറ്റു ഓഫീസുകളിലേക്ക് പുനർവിന്യസിച്ച തസ്തികകളും ഉൾപ്പെടുന്നു )

## അനുബന്ധം -II

**പുനർവിന്യാസം നടപ്പിലാക്കിയപ്പോൾ മലപ്പുറം ജില്ലയിൽ നിന്നും മറ്റു ജില്ലകളിലേക്ക് മാറ്റിയ തസ്തിക**

| | |
|---|---|
| **ഡിവിഷൻ മലപ്പുറം** | |
| ജൂനിയർ സൂപ്രണ്ട് -1 | തൃശ്ശൂർ - 1 |
| ക്ലാർക്ക്/സീനിയർ ക്ലാർക്ക് -3 | കോഴിക്കോട് - 3 |
| **പെരിന്തൽമണ്ണ സബ് ഡിവിഷൻ** | |
| 1st ഗ്രേഡ് ഡ്രാഫ്റ്റ്സ്മാൻ - 2 | കോഴിക്കോട് - 2 |
| **കുറ്റിപ്പുറം സബ് ഡിവിഷൻ** | |
| 1st ഗ്രേഡ് ഡ്രാഫ്റ്റ്സ്മാൻ - 2 | കണ്ണൂർ - 2 |
| 2nd ഗ്രേഡ് ഡ്രാഫ്റ്റ്സ്മാൻ - 3 | തൃശ്ശൂർ - 2 |
| | ഇടുക്കി - 1 |
| 3rd ഗ്രേഡ് ഡ്രാഫ്റ്റ്സ്മാൻ - 2 | കണ്ണൂർ - 2 |
| ക്ലാർക്ക്/സീനിയർ ക്ലാർക്ക് - 3 | തിരുവനന്തപുരം - 2 |
| | കാസർഗോഡ് - 1 |
| ടൈപ്പിസ്റ്റ് - 1 | കണ്ണൂർ - 1 |
| ഡ്രൈവർ - 1 | ആലപ്പുഴ - 1 |